(ബി) 15 വർഷം പൂർത്തിയാക്കിയ പാർട്ട് ടൈം സ്പെഷ്യൽ ടീച്ചർമാരെ ഫുൾടൈം ആക്കിക്കൊണ്ട് 2009-ൽ ഉത്തരവ് ഇറക്കിയപ്പോൾ ഫുൾടൈം അദ്ധ്യാപകരായ സ്പെഷ്യൽ ടീച്ചർമാരുടെ അതിലേറെയുള്ള സേവനകാലം പരിഗണിക്കപ്പെട്ടിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുമൂലം പ്രൊമോഷൻ, ഇൻക്രിമെന്റ്, ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവയിലടക്കം അവർക്ക് ഉണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) പാഠ്യപദ്ധതിയുടെ ഭാഗമായ സ്പ്രോയിംഗ് ,തയ്യൽ തുടങ്ങിയ സ്പെഷ്യൽ വിഷയങ്ങൾ പഠിപ്പിക്കുന്ന ഇത്തരം അദ്ധ്യാപകരുടെ കാര്യത്തിൽ വിവേചനം ഒഴിവാക്കി ഇവരുടെ സേവനകാലയളവ് പൂർണ്ണമായും പരിഗണിച്ച് പ്രൊമോഷനടക്കമുള്ള കാര്യങ്ങളിൽ ഉചിതമായ ഉത്തരവുണ്ടാക്കുവാനും മറ്റദ്ധ്യാപകർക്കുള്ള എല്ലാ പരിഗണനകളും ലഭിക്കുവാനും നടപടി സ്വീകരിക്കുമോ ;

(ഡി) സ്പെഷ്യൽ ടീച്ചർമാരുടെ സേവനകാലയളവ് പൂർണ്ണമായും പരിഗണിക്കപ്പെടണമെന്നും പാർട്ട് ടൈം അദ്ധ്യാപകരെപ്പോലെ 5 വർഷത്തെ സേവനകാലയളവുള്ളവരെ ഫുൾടൈമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങളിൽ തീരുമാനം കൈക്കൊള്ളാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-ഡി) പാർട്ട് ടൈം സ്പെഷ്യലിസ്റ്റ് ടീച്ചർമാർക്ക് നിശ്ചിത വർഷം സർവ്വീസ് പൂർത്തിയാക്കുന്ന മുറയ്ക്ക് ഫുൾടൈമാക്കി മാറ്റുന്നതിന് പൊതുവായ സർക്കാർ ഉത്തരവ് നിലവിലില്ല. എന്നാൽ 15 വർഷം സർവ്വീസ് പൂർത്തിയാക്കിയ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് 31-12-2009-ലെ ജി.ഒ.(എം.എസ്)257/09/പൊവി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവ് തീയതി മുതൽ ഫുൾടൈം ആനുകൂല്യം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. 15 വർഷത്തെ സേവനം പൂർത്തിയാക്കിയ മുഴുവൻ പാർട്ട് ടൈം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്കും ഫുൾടൈം ആനുകൂല്യം അനുവദിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചു വരുന്നു.

ജോലിക്കിടെ മദ്യപിച്ചതിന്റെ പേരിൽ നടപടി നേരിട്ടവർ

79 (5152) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജോലിക്കിടെ മദ്യപിച്ചതിന്റെ പേരിൽ തലസ്ഥാന നഗരിയിൽ ഈ വർഷം വിദ്യാഭ്യാസ വകുപ്പിലെ ഒരേ ഓഫീസിലെ എത്ര ജീവനക്കാർക്കെതിരെ നടപടിയെടുത്തിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ജീവനക്കാർക്കെതിരെ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) മൂന്നു പേർക്കെതിരെ നടപടിയെടുത്തിട്ടുണ്ട്.

(ബി) പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടറേറ്റിൽ നേരിട്ട് നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 30-6-2015-ലെ വി4/52247/15 ഡി.പി.ഐ. എന്ന നടപടി ഉത്തരവ് പ്രകാരം പ്രസ്തുത ജീവനക്കാരെ അന്വേഷണ വിധേയമായി ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം സസ്പെന്റ് ചെയ്തു. ഓഫീസിലിരുന്ന് മദ്യപിച്ചതിന്റെ പേരിൽ ഇവർക്കെതിരെ തിരുവനന്തപുരം ഫോർട്ട് പോലീസ് എഫ്.ഐ.ആർ കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. ശ്രീ. എ. ഒ. ജയകുമാർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് പദവിയിൽ സേവനം ചെയ്യുന്ന ഉദ്യോഗസ്ഥനായതിനാൽ ടിയാനെതിരെയുള്ള അച്ചടക്ക നടപടി സർക്കാർ തലത്തിലാണ് സ്വീകരിക്കേണ്ടത് എന്നതിനാൽ ടിയാനെതിരെ വേലവിലക്ക് കല്പിച്ച നടപടി സാധൂകരിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 30-6-2015-ലെ വി 4/52247/15/ ഡി.പി.ഐ എന്ന കത്തുപ്രകാരം ഗവണ്മെന്റിനോട് അഭ്യർത്ഥിക്കുകയും ഗവണ്മെന്റിന്റെ 8-7-2015-ലെ സ.ഉ.(സാധാ)നം.2772/15/പൊ.വി.വ. ഉത്തരവ് പ്രകാരം സാധൂകരണം നല്കുകയും ചെയ്തു.

(സി) ഇത്തരം സംഭവങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഗവണ്മെന്റ്തലത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ.സി) വകുപ്പിന്റെ 23-3-2015-ലെ 515/ഉപ.സി.2/2015/ഉഭപവ നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പ് മേലദ്ധ്യക്ഷന്മാർക്കും ആവശ്യമായ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. സർക്കാർ ജീവനക്കാർക്കുള്ള പെരുമാറ്റ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുവാൻ എല്ലാ സർക്കാർ ഉദ്യോഗസ്ഥരും ബാധ്യസ്ഥരാണ്. ഭാവിയിലും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly